**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5837** **16-03-2023 - ല്‍ മറുപടിയ്ക്ക്**

**പാചക വാതക വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ജി ആര്‍ അനില്‍<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2014-ല്‍ കേന്ദ്ര സര്‍ക്കാര്‍ അധികാരത്തില്‍ വരുന്നതിന് മുമ്പ് പാചക വാതകത്തിന്റെ വിലയെന്തായിരുന്നുവെന്നും അധികാരത്തില്‍ വന്നാല്‍ ഈ മേഖലയില്‍ എന്തെല്ലാം ചെയ്യുമെന്നാണ് വാഗ്ദാനം നല്‍കിയിരുന്നതെന്നും അറിയിക്കാമോ; | (എ) | 2014 മെയ് മാസത്തില്‍ ഗാര്‍ഹിക പാചക വാതക സിലിണ്ടറിന്റെ വില 970/- (സബ്സിഡിയും ചേര്‍ത്ത്) രൂപയായിരുന്നു. 2020-ല്‍ പാചക വാതകത്തിന്റെ സബ്സിഡി പിന്‍വലിച്ചതിനെ തുടര്‍ന്ന് സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും വില വര്‍ദ്ധനവ് നിയന്ത്രിക്കുന്നതിനും കേന്ദ്ര സര്‍ക്കാരിന് കത്ത് നല്‍കിയെങ്കിലും അനുകൂലമായ മറുപടിയൊന്നും ലഭ്യമായിട്ടില്ല. തുടര്‍ച്ചയായി പാചകവാതകത്തിന്റെ വില വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തില്‍, പ്രസ്തുത വിഷയം വീണ്ടും കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്തുവാന്‍ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | 2020-ല്‍ പാചകവാതകത്തിന്റെ സബ്സിഡി അപ്രഖ്യാപിതമായി പിന്‍വലിക്കുകയും നിരന്തരമായി പാചകവാതകത്തിന് വില വര്‍ദ്ധിപ്പിക്കുകയും ചെയ്യാനിടയായതുമൂലം രാജ്യത്ത് ഉണ്ടായിട്ടുള്ള വിലക്കയറ്റത്തിന്റെ തോത് സംസ്ഥാനത്ത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | 2014 മെയ് മാസത്തില്‍ ഗാര്‍ഹിക പാചക വാതക സിലിണ്ടറിന്റെ വില 970/- (സബ്സിഡിയും ചേര്‍ത്ത്) രൂപയായിരുന്നു. 2020-ല്‍ പാചക വാതകത്തിന്റെ സബ്സിഡി പിന്‍വലിച്ചതിനെ തുടര്‍ന്ന് സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും വില വര്‍ദ്ധനവ് നിയന്ത്രിക്കുന്നതിനും കേന്ദ്ര സര്‍ക്കാരിന് കത്ത് നല്‍കിയെങ്കിലും അനുകൂലമായ മറുപടിയൊന്നും ലഭ്യമായിട്ടില്ല. തുടര്‍ച്ചയായി പാചകവാതകത്തിന്റെ വില വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തില്‍, പ്രസ്തുത വിഷയം വീണ്ടും കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്തുവാന്‍ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍